6342
29/11/18

**കേരള സർക്കാർ**

<u>സംഗ്രഹം</u>

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - പ്രളയം 2018- പ്രളയക്കെടുതിയിൽ സംസ്ഥാനത്തെ വിവിധ ജില്ലകളിൽ വീടുകൾക്കുണ്ടായ നാശനഷ്ടം പരിഹരിക്കുന്നതിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ച് ഉത്തരവ്വ പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ഡിആർഎഫ് - എ) വകുപ്പ്**

**സ.ഉ.(സാധാ)നം: 4935 /2018 /റവ.** **തിരുവനന്തപുരം, തീയതി. 29.11.2018**

---

പരാമർശം- 1. സ.ഉ.(കൈ) നം. 24/2018/ദു.നി.വ .തീയതി 26/10/2018

2.സ.ഉ.(സാധാ) നം. 4621/2018/റവ.തീയതി 05/11/2018

3.സ.ഉ.(സാധാ) നം. 4744/2018/റവ .തീയതി 15/11/2018

4. സ.ഉ.(സാധാ) നം. 4893/2018/റവ .തീയതി 26/11/2018

## <u>ഉത്തരവ്</u>

പ്രളയക്കെടുതികളിൽ വീടുകൾക്കുണ്ടായ നാശനഷ്ടം പരിഹരിക്കുന്നതിന് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുമായി ധനസഹായം അനുവദിക്കുന്നതിന് പരാമർശം (1) പ്രകാരം അനുമതി നൽകി ഉത്തരവ്വ പുറപ്പെടുവിച്ചിരുന്നു. തുടർന്ന് വയനാട്, പാലക്കാട് ,ഇടുക്കി ജില്ലാ കളക്ടർമാർ ടി ആവശ്യത്തിലേക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായത്തിനായി പ്രൊപ്പോസൽ സമർപ്പിക്കുകയും പരാമർശം 2,3,4, പ്രകാരം ധനസഹായം അനുവദിക്കുകയുമുണ്ടായി. ടി ആവശ്യത്തിലേക്കായി നാളിതുവരെ ധനസഹായം അനുവദിച്ചിട്ടില്ലാത്ത മറ്റ് ജില്ലകളിലെ വീടുകൾക്കുണ്ടായ നാശനഷ്ടം പരിഹരിക്കുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും താഴെ പറയും പ്രകാരം ധനസഹായം അനുവദിച്ച് ഉത്തരവ്വ പുറപ്പെടുവിക്കുന്നു.

| **ജില്ല** | **മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുമുള്ള ധനസഹായം (തുക കോടിയിൽ)** |
|---|---|
| തിരുവനന്തപുരം | 15 |
| കൊല്ലം | 12 |
| പത്തനംതിട്ട | 50 |
| ആലപ്പുഴ | 146 |
| കോട്ടയം | 42 |
| എറണാകുളം | 113 |

| | |
|---|---|
| തൃശ്ശൂർ | 113 |
| മലപ്പുറം | 26 |
| കോഴിക്കോട് | 16 |
| കണ്ണൂർ | 6 |
| കാസർഗോഡ് | 1.5 |
| **ആകെ** | **540.5** |

വിതരണത്തിനാവശ്യമായി വരുന്ന ടി **540.5 കോടി രൂപ (അഞ്ഞൂറ്റി നാല്പത് കോടി അൻപത് ലക്ഷം രൂപ മാത്രം** ) 2075-00-800-40 contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും അതാത് ജില്ലാ കളക്ടർമാർക്ക് അനുവദിക്കേണ്ടതും ടി ജില്ലാ കളക്ടർമാർ ധനസഹായം വിതരണം ചെയ്യുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്. വിതരണത്തിനായി ഇനിയും അധിക തുക ആവശ്യമായി വരുകയാണെങ്കിൽ ആയതിനുള്ള പ്രൊപ്പോസൽ ജില്ലാ കളക്ടർമാർ താമസം വിനാ സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
വി.എച്ച്.കുര്യൻ,

അഡീഷണൽ ചീഫ് സെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ഒബ്സർവേറ്ററി ഹിൽസ്, വികാസ് ഭവൻ, തിരുവനന്തപുരം
ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു. റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
എല്ലാ ജില്ലാ ട്രഷറി ഓഫീസർമാർക്കും ( ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് എ & ഇ), കേരള, തിരുവനന്തപുരം
റവന്യൂവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
റവന്യൂ (ഡിആർഎഫ്-ബി, സി വകുപ്പ്)
ദുരന്ത നിവാരണ ( എ/ബി) വകുപ്പ്
വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Smitha A.S.
സെക്ഷൻ ഓഫീസർ